# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.71** **14.01.2021-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയും വേണ്ടവിധമുള്ള ഗൃഹപാഠം നടത്താതെയും കോവിഡ് കാലത്ത് നടപ്പിലാക്കിയ ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി പല പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രതിസന്ധി സൃഷ്ടിച്ച എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ്-19 രോഗവ്യാപനത്തെ തുടർന്ന് രാജ്യമാകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും പുതിയ അദ്ധ്യയന വർഷത്തെ പഠനം ഓൺലൈനായി നടത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെലിവിഷൻ/മൊബൈൽ ആപ്ലിക്കേഷൻ മുഖേന 01.06.2020 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയും, പിന്നീട് പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തു. നാളിതുവരെ തുടർന്നുവന്ന പഠനരീതിയിൽ നിന്നും തീർത്തും വ്യത്യസ്തമായ ഈ രീതി വിദ്യാർത്ഥി സമൂഹത്തിൽ തുടക്കത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി പ്രതിസന്ധി ഏറെക്കുറെ മറികടക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഓൺലൈൻ വിദ്യാഭ്യാസത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വകുപ്പ് നൽകിയത്; വിശദാംശം നൽകുമോ; | (ബി) | കോവിഡ് കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ കൂടിയും എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷണൽ എയ്ഡ് എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ സ്ഥാപനങ്ങളിലുള്ള (മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നഴ്സറി സ്കൂൾ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്കു പുറമേ മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവ 2020 ജൂൺ മാസം മുതൽ അവരുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. കോവിഡ് കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി വിജ്ഞാൻ വാടികളിൽ നിലവിലുള്ള ടിവി, കമ്പ്യൂട്ടർ, ഇൻറർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി വകുപ്പിനു കീഴിലുള്ള സാമൂഹ്യ പഠനമുറികളിലായി ഫെസിലിറ്റേറ്റർമാരുടെ സഹായത്താൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കിയിട്ടുണ്ട്. ഇന്റർനെറ്റിന്റെ സഹായത്തോടെ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. സാമൂഹ്യ പഠന മുറികളിൽ ടി.വി, ഡിഷ് ആന്റിന എന്നിവ ലഭ്യമാക്കി വിക്ടേഴ്സ് ചാനൽ വഴി ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യങ്ങളില്ലാത്ത സാമൂഹ്യ പഠനമുറികളിൽ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്തതിനുശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അന്തേവാസികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.<br><br>1) കുട്ടികൾക്ക് ആവശ്യമായ പാഠ പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, പേന, പെൻസിൽ തുടങ്ങിയ പഠനോപകരണങ്ങൾ എം.ആർ.എസ്. ടീച്ചേഴ്സ്, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന വിതരണം ചെയ്തിട്ടുണ്ട്.<br>2) വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനാവശ്യമായ ഫോൺ റീചാർജ്, ഡി.ടി.എച്ച്. റീചാർജ് എന്നീ ചെലവുകൾ വഹിക്കുന്നതിനും, പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എം.ആർ.എസ്- കളിലേയും പ്രീമെട്രിക് ഹോസ്റ്റലുകളിലേയും എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,000/- രൂപയും, എം.ആർ.എസ്-കളിലും, പി.എം.എച്ച്-കളിലും ഹയർ സെക്കണ്ടറി ക്ലാസുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും 3,450/- |

| | | | |
|---|---|---|---|
| | | | രൂപയും പ്രതിമാസം നൽകി വരുന്നുണ്ട്.<br>3) പഠനത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് remedial coaching നൽകുന്നുണ്ട്.<br>4) രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു.<br>5) USS coaching, +1 improvement എന്നിവയ്ക്കുള്ള പ്രത്യേക ക്ലാസുകൾ നടത്തുന്നു.<br>6) ഇൻറർനെറ്റ്, ഡി.ടി.എച്ച്. എന്നീ സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ എം.ആർ.എസ്-ലെ അധ്യാപകർ നേരിട്ടെത്തി വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്ത് നൽകിയും വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നു.<br>7) കൗൺസിലിംഗ് ആവശ്യമായ വിദ്യാർത്ഥികൾക്ക് ബി.ആർ.സി-യിലെ കൗൺസിലർമാർ മുഖേനയും, പട്ടികവർഗ വികസന വകുപ്പ് നിയമിച്ച കൗൺസിലർമാർ മുഖേനയും കൗൺസിലിംഗ് നൽകുന്നുണ്ട്.<br>8) പാഠഭാഗങ്ങളുടെ നോട്ടുകളുടെ പ്രിൻറ് ഔട്ട്, വർക്ക് ഷീറ്റ് എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>9) എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേകം വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി വിദ്യാർത്ഥികളുടെ സംശയനിവാരണം നടത്തുന്നുണ്ട്. കൂടാതെ പാഠഭാഗങ്ങളുടെ ചാപ്റ്റർ തിരിച്ചുള്ള അവലോകനവും നടത്തുന്നുണ്ട്.<br>10) വകുപ്പിന് കീഴിലുള്ള പൂക്കോട്, ഇടുക്കി എന്നീ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് MOTA നടപ്പിലാക്കിയ Step app മുഖേനയും ക്ലാസുകൾ ലഭ്യമാക്കുന്നു.<br>11) സി.ബി.എസ്.ഇ. സിലബസിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത ഓൺലൈൻ പഠന സൗകര്യം നിലവിലില്ലാത്തതിനാൽ വകുപ്പിന് കീഴിലുള്ള ഞാറനീലി സി.ബി.എസ്.ഇ സ്കൂൾ, ജി.കെ.എം.എം.ആർ.എസ്. സ്കൂൾ, കുറ്റിച്ചൽ എന്നീ സ്ഥാപനങ്ങളിലെ അധ്യാപകർ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ നൽകുന്നുണ്ട്. എസ്.എസ്.എൽ.സി-ക്കും +2 വിനും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗൂഗിൾ മീറ്റ് വഴി പ്രാക്ടിക്കൽ ക്ലാസുകൾ നൽകി വരുന്നു. വിദ്യാർത്ഥികൾക്ക് അക്കാഡമിക്, മോട്ടിവേഷൻ, സ്ട്രെസ് മാനേജ്മെൻറ് ക്ലാസുകളും നൽകിയിട്ടുണ്ട്.<br><br>വീടുകളിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത പട്ടികവർഗ വിദ്യാർത്ഥികൾക്കായി പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഓൺലൈൻ പഠന സൗകര്യം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനായി പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും ടി കേന്ദ്രങ്ങളിൽ താല്ക്കാലികമായി ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>വകുപ്പിന് കീഴിലുള്ള 19 ഏകാധ്യാപക വിദ്യാലയങ്ങൾ മുഖേന 244 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>വൈദ്യുതി എത്താത്ത വിദൂര പ്രദേശങ്ങളിലും, ഉൾവനങ്ങളിലും സ്ഥിതി ചെയ്യുന്ന കോളനികളിൽ സോളാർ പാനൽ സംവിധാനം മുഖേന വൈദ്യുതി ലഭ്യമാക്കി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) | ഓൺലൈൻ വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആത്മഹത്യ ചെയ്ത മലപ്പുറം ജില്ലയിലെ ദേവിക എന്ന പതിനാല് വയസ്സുകാരി ദളിത് പെൺകുട്ടിയുടെ കുടുംബത്തിന് പട്ടികജാതി വകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും, മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ജി.എച്ച്.എസ്.എസ്-ലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയുമായിരുന്ന മരണപ്പെട്ട ദേവികയുടെ പിതാവായ ശ്രീ.ബാലകൃഷ്ണന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ സ.ഉ(കൈ)നം. 19/2020/പജ.പവ.വിവ, തീയതി : 03.07.2020 പ്രകാരം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ